**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3037** **07-10-2025 - ൽ മറുപടിയ്ക്ക്**

**ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വെള്ളാമക്കുത്ത് ചെക്ക് ഡാമിന്റെ പുനർനിർമ്മാണവും സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും തടിക്കുളം ചെക്ക് ഡാമിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണവും ചെക്ക് ഡാമിന്റെ അറ്റകുറ്റപ്പണികളും പൂർത്തിയാക്കിയിട്ടുണ്ട്. പണിക്കൻ കുത്ത് റാത്തപ്പിള്ളി ചെക്ക് ഡാമുകളുടെ പുനർനിർമ്മാണം പുരോഗമിക്കുകയാണ്. പെരിയാറിന്റെ തീരത്തുള്ള പമ്പ് ഹൗസിന്റെ പുതുക്കിയ ഡിസൈൻ IDRB യിൽ നിന്നും 18.09.2025 തീയതിയിൽ ലഭിക്കുകയും പമ്പ് ഹൗസിന്റെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ ടി പദ്ധതിയിലെ സിവിൽ പ്രവൃത്തികളുടെ 45% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വകുപ്പിലേക്ക് അടയ്ക്കാനുള്ള 40.39 ലക്ഷം രൂപ അടച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | **പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വകുപ്പിലേക്ക് അടയ്ക്കാനുള്ള ₹40,39,000/- രൂപ അടച്ചിട്ടില്ല. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേക്ക് അടയ്ക്കേണ്ട തുക അനുവദിച്ച് നൽകുന്നതിനായി ജലസേചനവും ഭരണവും ചീഫ് എൻജിനീയർ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള വനം വകുപ്പിന്റെ കത്ത് കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.** |
| (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | **പ്രസ്തുത പദ്ധതിയുടെ പമ്പ് ഹൗസിന്റെ പ്രവൃത്തികൾ 2026 മാർച്ച് മാസത്തിൽ പൂർത്തീകരിക്കുന്ന വിധത്തിലാണ് പണികൾ പുരോഗമിക്കുന്നത്. ഫോറസ്റ്റ് വകുപ്പിൽ NOC ലഭിക്കുന്നതിനു വേണ്ട തുക അടച്ചതിനുശേഷം, Stage II NOC ലഭിച്ചാൽ** |

| | | | |
|---|---|---|---|
| | | | **മാത്രമേ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സിവിൽ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.** |

സെക്ഷൻ ഓഫീസർ